# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **13.06.2013 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1033**

<u>സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ</u>

<u>ചോദ്യം</u>

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എയ്ഡഡ്/സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തീരുമാന പ്രകാരം ഏതൊക്കെ നിയമസഭാ മണ്ഡലങ്ങളിൽ ഏതെല്ലാം സർക്കാർ / എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചു; എവിടെയെല്ലാം നടപ്പാക്കി; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇനിയും ഏതെല്ലാം സർക്കാർ/ എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം മണ്ഡലങ്ങളിൽ അപ്ഗ്രേഡ് ചെയ്യാൻ ആലോചിച്ചു വരുന്നുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

<u>(എ), (ബി), (സി) & (ഡി)</u>

പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2, 2 എ പ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടില്ല. മേൽപ്പറഞ്ഞ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളു. വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചട്ട പ്രകാരമുള്ള അപേക്ഷ ലഭിക്കുകയോ ആയതിൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ ഉയർത്തുന്നതും സംബന്ധിച്ച തീരുമാനം എടുക്കാൻ കഴിയുകയുള്ളു.

സെക്ഷൻ ഓഫീസർ